# ജെആർജി സെക്യൂരിറ്റീസിന് കഴിഞ്ഞവർഷം വൻ കുതിപ്പ്

കൊച്ചി, 2010 മെയ് 27: രാജ്യത്തെ പ്രമുഖ സാമ്പത്തിക സേവന സ്ഥാപനമായ ജെആർജി സെക്യൂരിറ്റീസ് 2009-10 സാമ്പത്തികവർഷം വൻ ലാഭം രേഖപ്പെടുത്തി. മൊത്തം ലാഭം 4.63 കോടി രൂപ. മുൻ സാമ്പത്തികവർഷത്തിൽ കമ്പനി 5.53 കോടി രൂപ നഷ്ടത്തിലായിരുന്നു.

വരുമാനം 2008-09 വർഷത്തെ 44.27 കോടിയിൽ നിന്ന് 58.03 കോടി രൂപയായി ഉയർന്നു- 31% വർധന. ഇക്വിറ്റി, കമ്മോഡിറ്റി വ്യാപാരങ്ങളിലുണ്ടായ വളർച്ചയാണ് വരുമാന വർധനയ്ക്ക് മുഖ്യകാരണം. ഓപ്പറേറ്റിംഗ് മാർജിൻ 2009-10 സാമ്പത്തികവർഷം 18% എന്ന നിലയിലേക്കു കുതിച്ചു, മുൻവർഷം ഇത് നെഗറ്റീവ് 4% ആയിരുന്നു.

ഉത്പാദനക്ഷമത വർധിച്ചതും ഫലപ്രദമായ ചെലവ് ചുരുക്കൽ നടപടികളുമാണ് കഴിഞ്ഞവർഷം ഓപ്പറേറ്റിംഗ് മാർജിൻ വിപുലമാകാൻ പ്രധാന കാരണങ്ങളെന്ന് വർഷാന്ത്യ കണക്കുകൾ പുറത്തിറക്കിയ ജെആർജി സെക്യൂരിറ്റീസ് മാനേജിംഗ് ഡയറക്ടർ ശ്രീ. ഗൗരവ് സോണി ചൂണ്ടിക്കാട്ടി. കമ്പനിയുടെ വിപുലീകരണ പദ്ധതികൾക്ക് ഡയറക്ടർ ബോർഡ് അംഗീകാരം നൽകി. കൂടുതൽ ബ്രാഞ്ചുകൾ തുറക്കുന്നതിലാണ് ഊന്നൽ നൽകുക. ഓൺലൈൻ വ്യാപാരം വർധിപ്പിക്കാനും ശ്രദ്ധപതിപ്പിക്കും.

ജെആർജി സെക്യൂരിറ്റീസിനെപ്പറ്റി:

*ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ശക്തവും വളർച്ചയുള്ളതുമായ ഇക്വിറ്റീസ് ആൻഡ് കമ്മോഡിറ്റീസ് ബ്രോക്കറേജ് സ്ഥാപനമാണ് ജെആർജി സെക്യൂരിറ്റീസ് ലിമിറ്റഡ്. പുറമെ, സമഗ്രമായ ഫിനാൻഷ്യൽ സർവീസസ് പ്രൊഡക്റ്റ്സ്, സൊല്യൂഷൻസ് എന്നിവയും കമ്പനി നൽകിവരുന്നു. ഇതിൽ കറൻസി വ്യാപാരം, ഇൻഷുറൻസ് ബ്രോക്കിംഗ്, മ്യൂച്വൽ ഫണ്ടുകളടക്കമുള്ളവയുടെ വ്യാപാരം എന്നിവയെല്ലാം ഉൾപ്പെടും. 500 ശാഖകളിലൂടെയും അസോസിയേറ്റുകളിലൂടെയും ഇന്റർനെറ്റ് പ്ലാറ്റ്ഫോമിലൂടെയുമാണിത്. മികവുറ്റ ആയിരം ജീവനക്കാരെയാണ് ജെആർജി ഇതിനായി നിയോഗിച്ചിട്ടുള്ളത്. എൻഎസ്ഇ, എൻഎംസിഇ, എംസിഎക്സ്, ഐപിഎസ്ടിഎ എന്നിവയിൽ കമ്പനി അംഗമാണ്. എൻഎസ്ഡിഎൽ, സിഡിഎസ്എൽ എന്നിവയിൽ ഡെപ്പോസിറ്ററി പാർട്ടിസിപ്പന്റുമാണ് ജെആർജി.*